പതിനാലാം കേരള നിയമ സഭ

പതിനാറാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം** നമ്പർ. 324 28.10.2019 **-ൽ മറുപടിയ്ക്ക്**

**സ്വാശ്രയ മെഡിക്കൽ കോളേജുകളിലെ പി.ജി. വിദ്യാർത്ഥികളുടെ സ്റ്റൈപ്പന്റ്**

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.സി.മമ്മൂട്ടി** | | **ശ്രീമതി. കെ. കെ. ശൈലജ ടീച്ചർ (ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശുവികസനവും വകുപ്പമന്ത്രി)** | |
| (എ) | സംസ്ഥാനത്തെ സ്വാശ്രയ മെഡിക്കൽ കോളേജുകളിലെ പി.ജി. വിദ്യാർത്ഥികൾക്ക് സർക്കാർ അനുവദിച്ചിരിക്കുന്ന സ്റ്റൈപ്പന്റ് എത്രയാണെന്ന് വ്യക്തമാക്കാമോ; | (എ) | ഇന്ത്യൻ മെഡിക്കൽ കൗൺസിലിന്റെ പി.ജി റെഗുലേഷൻസ് ആയ പി.ജി ഗ്രാഡുവേറ്റ് മെഡിക്കൽ എഡ്യൂക്കേഷൻ റെഗുലേഷൻസ് 2000 -ലെ ഉപ വകുപ്പ് 13.3 പ്രകാരം പി.ജി ഡിഗ്രി /ഡിപ്ലോമ /സൂപ്പർ സ്പെഷ്യൽറ്റി തുടങ്ങിയ കോഴ്സുകൾക്ക് സ്വാശ്രയ മെഡിക്കൽ കോളേജുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് അതാതു പ്രദേശത്തെ സർക്കാർ മെഡിക്കൽ കോളേജുകളിൽ അതെ കോഴ്സുകൾക്ക് പഠിക്കുന്ന വിദ്യാർത്ഥികൾക്ക് നൽകുന്ന അതെ തുക തന്നെയാണ് സ്റ്റൈപ്പന്റ് ആയി നൽകേണ്ടതെന്ന് നിഷ്കർഷിച്ചിട്ടുള്ളത് . കേരളത്തിലെ സർക്കാർ മെഡിക്കൽ കോളേജുകളിലെ പി.ജി ഡിഗ്രിയ്ക്കും ഡിപ്ലോമയ്ക്കും പഠിക്കുന്ന വിദ്യാർത്ഥികൾക്ക് നിലവിൽ നൽകുന്ന തുക ചുവടെ ചേർക്കുന്നു.<br>ഒന്നാം വർഷം ഡിഗ്രി -53000 രൂപ<br>രണ്ടാം വർഷം ഡിഗ്രി -54000 രൂപ<br>മൂന്നാം വർഷം ഡിഗ്രി -55000 രൂപ<br>ഒന്നാം വർഷം ഡിപ്ലോമ -53000 രൂപ<br>രണ്ടാം വർഷം ഡിപ്ലോമ- 54000 രൂപ |
| (ബി) | പി.ജി. വിദ്യാർത്ഥികൾക്ക് സർക്കാർ അനുവദിച്ചിരിക്കുന്ന സ്റ്റൈപ്പന്റ് സ്വാശ്രയ മെഡിക്കൽ കോളേജുകൾ നൽകുന്നില്ലെന്ന കാര്യം പരിശോധിക്കുമോ; വ്യക്തമാക്കാമോ; | (ബി) | ഇത് സംബന്ധിച്ച് അഡ്മിഷൻ സൂപ്പർവൈസറി കമ്മിറ്റി മുൻപാകെ MDS വിദ്യാർഥികൾ പരാതി സമർപ്പിക്കുകയും 13 /05 /2016 ലെ ഡെന്റൽ കൗൺസിൽ ഓഫ് ഇന്ത്യയുടെ DE-87 (4)-2016 |

നോട്ടിഫിക്കേഷൻ പ്രകാരം സർക്കാരിനെയോ കോടതിയോ സമീപിക്കാൻ പരാതിക്കാർക്ക നിർദേശം നൽകികൊണ്ട് ആയതു പ്രവേശന മേൽനോട്ട സമിതി തീർപ്പാക്കിയിട്ടുണ്ട് .

(സി) ഇതുസംബന്ധിച്ച് എൻട്രൻസ് കമ്മീഷണർക്കും ഉന്നതവിദ്യാഭ്യാസ വകുപ്പിനും പരാതികൾ ലഭിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

(സി) & (ഡി ) പി.ജി വിദ്യാർത്ഥികൾക്ക് സ്റ്റൈപ്പന്റ് നൽകുന്നതിൽ സ്വാശ്രയ കോളേജുകൾ വീഴ്ച വരുത്തുന്ന പക്ഷം സർക്കാരിന് കോളേജുകൾക്കെതിരെ നടപടികൾ കൈകൊള്ളുവാൻ നിലവിൽ വ്യവസ്ഥകളില്ല .

(ഡി ) പരാതിയുടെ അടിസ്ഥാനത്തിൽ പ്രസ്തുത സ്ഥാപനങ്ങളോട് സർക്കാർ വിശദീകരണം ചോദിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ഇ ) സർക്കാർ നിശ്ചയിച്ച സ്റ്റൈപ്പന്റ് അനുവദിക്കുവാൻ ആവശ്യമായ നിർദ്ദേശം നൽകുമോ; വ്യക്തമാക്കുമോ?

(ഇ ) ഇക്കാര്യം സർക്കാർ പരിശോധിച്ച് വരുന്നു.

**സെക്ഷൻ ഓഫീസർ**